KOTTAYAM PUBLIC LIBRARY

Call No MA2 Acc. No 1244

Author ക്ഷീശരൻ മഞ്ഞാലത്ത്

Title കവി

[illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

## Calling Urgent Attention

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

**Secretary**

12844

# കവി

(ഒരു ഖണ്ഡകാവ്യം)

മണ്ണാലത്ത് ശ്രീധരൻ.

ഫോറെസ്റ്റോ പ്രൊഡക്ഷൻസ്,
കസ്റ്റംസ് റോഡ്, കോഴിക്കോട്-1.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

MA2

1952 നവമ്പർ.

കോപ്പി 1000

പുറംചിത്രം: കെ. വാസു

(പ്രദീപ് ആർട്ട്സ്, കോഴിക്കോട്-1.)

(പകപ്പവകാശം ഗ്രന്ഥകാരനു്.)

അച്ചടി:

എസ്സ്. എൻ. ഡി. പി. പ്രസ്സ്, കോഴിക്കോട്-1.

വില 8 ണ.

ഞാനിതു സമർപ്പിയ്ക്കുന്നു—

മനുഷ്യത്വത്തിന്റെ മഹത്വത്തെ
മാനിയ്ക്കുന്ന,

നാളത്തെ സമത്വസുന്ദരമായ സാ
മൂഹ്യജീവിതത്തിന്റെ സംസ്കാര
ബോധത്തെ രൂപപ്പെടുത്തുവാൻ,

ഇന്നു്,

ആർത്ഥികമായ അവശതമൂലം
ആത്മക്ഷതം അനുഭവിച്ചുകൊണ്ടു്
കലാസൃഷ്ടി നടത്തുന്ന,

കേരളത്തിലെ എന്റെ സഖാക്കൾക്കു്.

—ഗ്രന്ഥകർത്താവു്.

# അവതാരിക

മധുവും സുമതിയും അന്യോന്യം സ്നേഹിച്ചു. മധുവിന്റെ കൈമുതൽ കവിതാസമ്പന്നമായൊരു ഹൃദയം മാത്രമായിരുന്നു. അവൾക്കതു മതിതാനും. എന്നാലും, ഒരുപജീവനമാർഗ്ഗമില്ലാതെ അവനെങ്ങിനെ അവളെ വിവാഹംചെയ്യും? സുന്ദരമായ സ്വന്തം ഗ്രാമംവിട്ടു വിദൂരത്തുള്ള നഗരത്തിലേയ്ക്കവൻ പുറപ്പെട്ടു. അവന്റെ കവിയശസ്സ് പരന്നു; പക്ഷേ പണം സമ്പാദിക്കാനവനു കഴിഞ്ഞില്ല. അങ്ങിനെയങ്ങിനെ കാലം പോയി. അവനൊരു കത്തു കിട്ടി—സുമതിയുടെ അന്തിമലേഖം! ബന്ധുക്കളുടെ വിവാഹനിർബ്ബന്ധങ്ങളോടെതിർത്തു്, അപവാദങ്ങൾ സഹിച്ചു്, നീറി നീറി അവൾ മരിക്കയായിരുന്നു. ആ കത്തു് അവനെ ഗ്രാമത്തിൽ തിരിച്ചെത്തിച്ചു. പക്ഷേ, അവനെത്തും മുമ്പ് സുമതിയുടെ ജീവൻ അവിടെനിന്നു് പോയ്ക്കഴിഞ്ഞിരുന്നു. അവളുടെ ജീവിതയാതനകളുടെ കഥകൾ അവൻ കേട്ടു. നൈരാശ്യദഗ്ധമായ അവന്റെ ഹൃദയത്തിൽ ക്രമേണ ഒരു ദൃഢനിശ്ചയം രൂപം കൈക്കൊണ്ടു: സ്നേഹിക്കുന്നവർക്ക് സ്നേഹസാഫല്യം കൈവരു

ത്തുവാൻ കഴിവു നൽകുന്ന ഒരു പുതിയ സാമൂഹ്യനീതിക്കു വേണ്ടി അവൻ അടരാടും!

മധുവിൻെറ കഥ കേരളത്തിലെ അനേകമനേകം യുവജനങ്ങളുടെ കഥകൂടിയാണ്. അക്കാരണത്താൽത്തന്നെ ഈ ലഘുകാവ്യം അവരുടെ ഹൃദയത്തിലേക്കു നേരിട്ടു കടന്നുചെല്ലുമെന്നു ഞാൻ വിശ്വസിക്കുന്നു. കാവ്യാവസാനത്തിൽ മധു ചെയ്യുന്ന ധീരനിശ്ചയം അവരിൽ കുറെയെങ്കിലും പ്രേക്ഷണ്ടായാലോ, 'കവി'ക്കതിൽപ്പരം ചാരിതാർത്ഥ്യം വേറെ ഉണ്ടാകാനുമില്ല


മാതൃഭൂമി,
കോഴിക്കോട്,
27-11-1952

എൻ. വി. കൃഷ്ണവാരിയർ,
എം. എ., എം. ലിററ്.

# പ്രസാധകക്കുറിപ്പ്.

ശ്രീ. മണ്ണാലത്ത് ശ്രീധരൻെറ ഈ ഖണ്ഡകാവ്യം, ഞങ്ങാം പ്രസിദ്ധീകരിക്കുന്ന ആദ്യത്തെ പുസ്തകവും; ഒരു ഖണ്ഡ്യകാവ്യമെന്ന നിലക്ക് അദ്ദേഹത്തിൻെറ ആദ്യത്തെ കൃതിയുമാണ്.

കേരളത്തിലെ യുവകവികളുടെ മുൻപന്തിയിൽ വ്യക്തിത്വത്തോടുകൂടി തലയുയർത്തി നില്ക്കുന്ന ഒരു യുവാവാണ് മണ്ണാലത്ത്. അദ്ദേഹത്തിൻെറ കലാസൃഷ്ടികാം ജനഹൃദയങ്ങളിൽ എത്രത്തോളം കടന്നു ചെന്നിട്ടുണ്ടെന്നു, മണ്ണാലത്തിൻെറ കവിതകാംക്ക് എന്തു സ്ഥാനമാണിന്നു മലയാള സഹൃദയലോകത്തിലുള്ളതെന്നു്, ഇന്നോളവും ഞങ്ങാംക്ക് ലഭിച്ച "കവി"യുടെ ഓർഡറുകാം തെളിയിച്ചു കഴിഞ്ഞു.

തികഞ്ഞ ശുഭപ്രതീക്ഷയോടെ ഞങ്ങളിതാ "കവി"യെ കൈരളിക്കു് കാഴ്ച വെക്കുന്നു.

# കവി

## ഒന്നാം ഭാഗം

I

“അനഘാനുരാഗത്തിൻ
          മഹിതാനുഭൂതി
അവനിയിൻ ഹൃദയമേ-
          തിന്നോളം നേടി....?!”

പൊരുളേവമുൾക്കൊള്ളും കളഗാനം പാടി
    പരഭൃതമിണയോടു ചേർന്നിരുന്നാടി.

അവയാർന്ന മാമരച്ചില്ലയുതിർത്തു
അവിടെങ്ങും മർമ്മരം, പശ്ചാത്തലഗാനം.

പൊരിയുന്ന വെയിലിനെ പൂനിലാവാക്കാ-
നുഴറുന്നു കീഴിലായ് ചിന്നും നിഴൽകൾ.'

നരകത്തിക്കരെത്തട്ടിപ്പുളയുന്നോരരുവി-
ച്ചുതിരിട്ടു നീണ്ടുപോം കടവേരിൻ മേലെ,
ചിതറിയ തലമുടി കാററിലുലഞ്ഞും
ഹൃദയമഗ്ഗാനസരിത്തിലലിഞ്ഞും,
തലകുത്തുമകലത്തെക്കുന്നിൻ മുകളി-
ലലയുന്ന കണ്ണുമായ് പാന്ഥനിരുന്നു.

II

"അനഘാനുരാഗത്തിൻ
മഹിതാനുഭൂതി
അവനിയിൽ ഹൃദയമേ
തിന്നോളം നേടി....?;"

അവനുരുവിട്ടിതപ്പല്ലവി, ഹൃത്തിൽ
കവിയും വികാരത്തിരയടിയ്യോടൊപ്പം.
അവനുടെ ചിത്തമീ ലോകത്തിനോളം
അവികലം വികസിതമായിതന്നേരം!

* * * *

പഥിക, നിൻചിന്തയിന്നേതൊരു ഭൂത-
സ്മൃതിയുടെ രംഗത്തുലാവുന്നിതാവോ?

സുരുചിരമല്ലേ, നീ നോക്കുകീ ഗ്രാമ-
പരിസരം, നൈദാഘശുഷ്കമെന്നാലും;
പരിചിതമല്ലേ, നിനക്കാദ്യകാല-
കവിത കിളർത്തതീ രംഗത്തിലല്ലേ?
എരിയുന്നു ജീവിതമെങ്കിലും നീയൊ-
രറിയപ്പെടുന്ന കലാകാരനല്ലേ?
പരമദരിദ്രനാണെങ്കിലും നിന്റെ
പ്രതിഭ സദാശയസമ്പന്നമല്ലേ?
തവ കാവ്യഗാനത്തിലൂടെ നീ നെയ്യും
നവലോകം ഭാവനാസുന്ദരമല്ലേ....?
ഒരു നാളിലങ്ങിനെയിങ്ങു നിൻ ഗാനം
ഒഴുകിയതോർക്കുന്നിതിന്നുമീ വാദ്യം:

"അനഘാനുരാഗത്തിൻ
മഹനീതാനുഭൂതി
അവനിയിൽ ഹൃദയമേ-
തിന്നോളം നേടി?!"

III

കലിതകുതുകമിച്ചോലയിൽ മേവും
കവിയുടെ ചിത്തമിന്നെന്മട്ടിലാവും?

പഥികനായിന്നിവനെത്തിയ മണ്ണിൽ
പതിയിരിപ്പീലെത്ര പൂർവ്വസ്മൃതികൾ !

ജനിയാർന്ന മണ്ണിൽ തിരിച്ചെത്തിയെന്ന
നിനവൊരാൾക്കാനന്ദമേകിടാം; പക്ഷെ,
'മധു'വിന്റെ ചിത്തത്തിലുൾത്തിങ്ങിടുന്ന
മഥിതവികാരത്തിനുണ്ടന്യബന്ധം.

* * * *

മനുജതാശൂന്യമാം ചുററുപാടൊന്നിൽ
ധനമററതായവനാർന്ന കുടുംബം.

ഒരുവനപരനെ നിന്ദിച്ചിടേണം;
ഒരുവനപരനിൽ മേല്ക്കോയ്മ വേണം;

മനുജന്റെ പാഴ്പ്രതാപത്തിനെയന്യ-
മനുജൻ തലയിലെടുത്തു തെണ്ടേണം—

മഹിയിലിമ്മട്ടെത്ര വൈരുദ്ധ്യജാലം
മധുവിന്റെ ജീവിതത്തോടു നേർത്തില്ല!

മൃദുലമീ ഹൃത്തിനെപ്പാരുഷ്യമെത്ര
വിദയമടിച്ചു തകർത്തില്ല മുന്നം !

വിടരുന്ന പുഞ്ചിരിയിജ്ജീവിതത്തിൽ
കടയിൽ കരിഞ്ഞെത്ര വീണടിഞ്ഞില്ല!

കഴിവുററതാം കവിചിത്തപ്രസൂനം
കദനമാം കീടം കരണ്ടുതിന്നുന്നു........

അതു കാണാനെങ്കിലും നില്ലും സുഹൃത്തിൽ
മതിമറന്നായവൻ രോമാഞ്ചമാളും.

അനുഭാവലബ്ധിയിൽ, സാന്ത്വനവാക്കിൽ
അതിമാത്ര സൌഹൃദം തേടിപ്പിടിക്കും.

ഇതുവിധം വ്യക്തിത്വമേകി വിലോലം
മധുവിങ്കലാരബ്ധയൌവനകാലം.

IV

അതുകാലമായിരമാശകാം മേന്മേൽ
അവനുടെ ജീവനിൽ ചെണ്ടിട്ടുനിന്നു.

കനകാഭമായിപ്പരിമളം ചിന്തി
കമനീയമതിലൊരു രാഗപ്രസൂനം.

കരളിൻെറ കണ്ണുനീരൊപ്പുവാനെത്തു
കരവിരുതാജ്ജിക്കുകില്ലനുരാഗം!

വിനതൻ മരുവിലും ശാദ്വലരംഗം
വിരചിച്ചതല്ലീ വിമലാനുരാഗം ?

പുതിയൊരു ജീവിതത്തിങ്കലേയ്ക്കായും
കുതിയിതിൽ കാലിടറാതിരുന്നെങ്കിൽ !

    "അനഘാനുരാഗത്തിൻ
            മഹിതാനുഭൂതി
    അവനിയിൽ ഹൃദയമേ-
            തിന്നോളം നേടി...."

മധുവിൻറെ കരളിന്നു ജീവനായ്പ്പിന്നീ
മധുരാനുരാഗത്തിന്നീരടി പൊങ്ങി.

പുലരിയിൽ പൂങ്കുളിർകാററിൽ പറക്കും
കിളികൾതൻ കൂജനാലാപത്തിനൊത്തും

രജനിയിൽ കാനനച്ഛായകൾതോറും
ഉയരുന്ന രാപ്പാടിതൻ ഗാനമൊത്തും

അഴലാർന്നിടറും സ്വരത്തിലഗ്ഗാനം
ഉഴറുമൊരു കൊച്ചു പഞ്ജരക്കൂടിലിൽ !

V

അവരുടെ ഭാവനാസീമയിൽ ഗാന-
കവിതയുണർന്നു പരിമളം പാറി;

പരിമിതമാകും പരിധി കടന്നു;
പരിചിലവനെയീ ലോകമറിഞ്ഞു!

അകലെ,യകലെസ്സഹൃദയലോക-
മമിതസന്തോഷമഗ്ഗാനം നുകർന്നു.

അഭിനന്ദനങ്ങളുമാശിസ്സുമേന്തി
അവനരികത്തു തപാലുകളെത്തി.

പുതുമ നിറഞ്ഞതാണക്കാവ്യഗാനം;
പുളകദഗഹനമാണക്കാവ്യസാരം!

ഉയരും യശസ്സിൻ മണിധ്വജത്തിന്മേൽ
കയറി ഏന്തേം ചിറകിട്ടടിച്ചു!

ധരതിയിൽനിന്നവൻപോലുയർന്നിട്ടും
വയറും തൻ കുടിലും ഹാ, മുക്തിയാന്നില്ല.......

## രണ്ടാം ഭാഗം

'സുമതി'യിലാളുമനുരാഗവായ്പിൽ
സുഖകരസുന്ദരസ്വപ്നമുണൎന്നു;

അവളുടെ പുഞ്ചിരിത്തെല്ലിൻ പ്രഭയിൽ
അവനുടെ ഭാവനാവീഥി തെളിഞ്ഞു;

അനവദ്യരാഗക്കയത്തിലൊഴുകി
അവിടെയൊരു നവ ജീവിതനൗക!

VII

വയലിൻ വരമ്പത്തു പൂക്കൈത പൂത്തു;
പവിഴക്കതിരണിപ്പാടം ചിരിച്ചു.

മരതകപ്പച്ചിലക്കാടുകൾ തോറും
കുരുവികൾ പലതുമൊരുവിട്ടുകൂടി.

അരുവിക്കരയിൽ മരച്ചോട്ടിലന്നാ-
ളൊരു ദിനം മധുവും സുമതിയും ചേർന്നു.

ഉയരവെപ്പച്ചിലച്ചാർത്തിലിരുന്നു
കുയിലിണ രാഗസംഗീതം ചൊരിഞ്ഞു.

പ്രണയസല്ലാപത്തിനിമ്മട്ടിലെത്ര
ദിനമാപ്പരിസരം സക്ഷിയായ് നിന്നു!

അവരുടെ നർമ്മസല്ലാപമെന്തെന്നീ
കവിയുടെ ഭാഷ പകർത്തിവെക്കട്ടെ:

“.........................................

അതുലേ. നമുക്കിന്നു ജീവിതമെന്നാൽ
അകതാരുരുക്കുന്ന മധുരമാ, ണല്ലേ?.......

അറിയുമോ, നാമിന്നടുത്തു നാളെ
അകലുവാ,നെന്നേക്കുമകലുവാനല്ലേ?

സമുചിതനായി ഹാ, നിന്നെയപ്പിസ്റ്റൻ
സമുദായമന്യനൊത്തടുകയില്ലേ?.......

.........................................

അറിയാ,തയസ്കാന്തതുല്യമൊന്നായ
കരാംകളെയതു പറിച്ചെറിയുകയില്ലേ?.......

*　　*　　*　　*

കലയും കവിതയുമിസ്സമുദായം
വില കാണതിട്ടോരു നാണ്യങ്ങളല്ലേ?

കനകകവിപണിയിലീ നാണ്യമെങ്ങാൻ
കയറിയാൽ കാചമായ്ത്തള്ളപ്പെടില്ലേ?

അവയുമെടുത്തു നടപ്പവനാം നി-
ന്നഭിമതൻ; പിന്നെപ്പൊറുക്കാത്താരോ?'

'മനുജത്വമെന്നതിൻ മാറററിയാനീ
മഹിയിൽക്കഴിഞ്ഞതാണെന്നുടെ നേട്ടം!....

..........................................................

പ്രിയ, താവകാകൃതി ഞാൻ ഗൌനിച്ചിരുന്നു;
നിയത,മതെല്ലാം ശിരസ്സിൽ വെയ്ക്കുന്നു.

സമുദായമന്യനെത്തേടുകിലാട്ടെ,
സമുദായമങ്ങനെത്തള്ളുകിലാട്ടെ,

തവ പാദതാരിലിജ്ജീവിതമപ്പി-
ച്ചിവരം; അങ്ങുന്നായതു കൈക്കൊള്ളുകയില്ലേ?

പണവും പദവിയുമില്ലയെന്നാലും
പ്രയതസദാദർശചിത്തമൊന്നില്ലേ;

അതുപോരും,മെൻ ഭാഗ്യമായ്! അതു,മോക്കി,-
ലവനിയിലംഗുലീപരിമിതമല്ലേ?

തവകാവ്യഗാനമുരുവിട്ടിതോള-
മിവളെത്ര വിജ്ഞാന മജ്ജിച്ചതില്ല!

അതിലൊന്നിലും ധനം ഹാ, മനുഷ്യൻെറ
പദവിയാണെന്നു പാഠിച്ചിട്ടുമില്ല.

ശരിയാണു,തെൻ ചെറുബോധമെന്നോടു-
മരുളുന്നതാ മഹാ സത്യമാണെന്നും.

ഇരുവർ നാമൂറംക്കൊള്ളമത്തഘമെന്തെ-
ന്നറിയും വളരുന്ന നാളത്തെ 'ലോകം'

'പ്രണയമീ യൌവനത്തിൻെറ 'കേടെ'ന്നു
പാടുന്നു 'സന്മാർഗ്ഗക്കോമരസംഘം';

പരദൂഷണം, സാധുമൃഷണമെന്നീ
പരിപാടിമാത്രം പുലർത്തുന്ന വർഗ്ഗം—

അവരടിച്ചേല്പിച്ച സാമൂഹ്യബോധം
അധികാരമാളുന്നതിസ്സമുദായം;

അഭിമാനംകൊള്ളുന്നിതാമനേ, ഞാനി-
ന്നതിനെ നീ വെല്ലുവിളിയ്ക്കുന്നുവെങ്കിൽ!'

'മനുജൻ മനുജനെക്കാണുന്ന കാലം,
മനുജൻ മനുജനായ്ത്തീരുന്ന ലോകം,

മനുജനെഴുക്കും വിയർപ്പുനീരിൻെറ
മഹിമ പുലർത്തുന്ന ശുഭ്രാന്തരീക്ഷം—

തവ ഗാനചിന്തയസ്സൂത്രണം ചെയ്യു-
മവിടെയല്ലല്ലി ഹാ, ജന്മസാഫല്യം!!

പരമാർത്ഥമേതാകിൽ ജീവിതംതന്നെ
പരമമാം ത്യാഗത്തിൻ പര്യായമല്ലേ?'

നിശിതവികാരച്ചിറകിട്ടടിച്ച
നിമിഷങ്ങളേറെപ്പറന്നുപോയേവം.

കരയിലെപ്പൊന്തയിൽത്തൂങ്ങും ലതകൾ
കലിതരസം ലാസ്യമാടിനില്ക്കുന്നു.

അരുവിയിൽദ്ദാഹമാററീടുവാനെത്തി
അകലത്തു മേയുന്നു നാല്ക്കാലിവൃന്ദം.

ഉയരവെപ്പച്ചിലച്ചാർത്തിൽ മരുവും
കുയിലിണ മൂകമായുററുനോക്കുന്നു.

അവരെഴുന്നേററു ഹാ, വേർപിരിയാനാ-
യഭിമുഖം തങ്ങളിൽ നോക്കിനില്ക്കുന്നു!

ഹൃദയവിപഞ്ചികയെന്തൊരു ശോക—
മധുരസംഗീതമാണാലപിയ്ക്കുന്നു.......

## മൂന്നാം ഭാഗം

കഴിയുന്നു ദിവസങ്ങൾ; വർഷങ്ങളായി-
ട്ടിഴയുന്നു മധുവിന്നു ജീവിതം കനലിൽ!

വറുതിതൻ ചൂടിൽനിന്നൊഴിയുവാനെന്തു
വഴി?—അതാ, ഹൃദയം പുകഞ്ഞു നീറുന്നു.......

ദുരിതം ചുഴലുമജ്ജീവനും പേറി-
ബ്ഭരിതാത്മശോകമവനലയുന്നു!

IX

അവനാളും കീർത്തിതൻ കതിർവീശും ദിക്ക —
മഭയമരുളുവാൻ തല്പരമല്ലേ...ം...?

നാഗരാങ്കവീഥികൾ സമ്പദ്വിലാസം
നടനം നടത്തുന്ന രംഗങ്ങളല്ലേ?

അഴലുന്ന കവിയുടെ ജീവിതമവിടെ
ഉഴലുകയാണിന്നു നട്ടുച്ചവെയിലിൽ........

കുളിരിളംതെന്നലിളകിവന്നൊന്നി-
ത്തളരും കരാംത്തടം ഹാ, പുണർന്നെങ്കിൽ!

അകലെയാ,ണകലെയാണവനുടേ ഗ്രാമം,
അവിടെയാണവനാകെ നേടിയ ഭാഗ്യം!

അവിടേയ്ക്കു വീണ്ടും തിരിച്ചെത്തിയെങ്കി—
ലവനല്പമെങ്കിലുമാശ്വസിച്ചീടാം.

X

നിശിതാതിരാശത മേല്ക്കുമേൽ വന്നു
വിഷമൂതിപ്പത്തിയുയർത്തിയിന്നാളം;

സതതമതേററവൻ നഗരിയിലേറെ-
സ്സമകളെ യാത്രയുയച്ചു കഴിഞ്ഞു.

ഇതിനകം നൂറുനൂറനുഭൂതി നേടി
മധുവിൻ ഹൃദന്തരം കവിതകൾ പാടി!

അതിന്നുടെ മാററമലി നോടിക്കൊട്ടത്തി-
തവിടെച്ചിലേടത്തു സൌഹൃദബന്ധം.

അവനുടെ വ്യക്തിപ്രഭാവവുമത്ര —
സ്സുഭിനന്ദനീയമകൃത്രിമമായി.

അസുലഭസൌഹൃദച്ഛായയിലേവം
അവനല്പനിർവൃതിയന്നാശ്വസിച്ചു.

XI

പ്രകടസായംകാലരശ്മിയിൽ സ്വപ—
പ്രകരത്തലപ്പുകൾ വെട്ടിത്തിളങ്ങി;

തൊഴിലുകേന്ദ്രങ്ങളിൽ വിശ്രമത്തിന്റെ
കുഴലൂത്തു ചുററും മുഖരിതമായി;

അനിലനിൽ ചാടിക്കളിച്ചു പുളയ്ക്കും
അനുപമഗാനതരംഗമുണർന്നു;

അവയൊന്നു മറിയുവാൻ നില്ക്കാതെ ചുററ-
മലറിക്കുതിയ്ക്കുന്നു വാഹനൌഘങ്ങൾ!

വിവിധ ചിന്താഭരസ്വാന്തം നഗര-
വനികയിൽ വിവശം മധു ചെന്നിരുന്നു.

വിറയ്ക്കുമിടംകയ്യിലുണ്ടു കാണുന്നു
മുറുകെപ്പിടിച്ചൊരു മുദ്രിത ലിഖിതം.

അവനതു പൊട്ടിച്ചു കാര്യമുൾക്കൊള്ളാ-
നമിതമാം വ്യഗ്രത കാട്ടുന്നതെന്തേ?

ജനിത രോമാഞ്ചമക്കായിതം നീർത്തി
മനമുറപ്പിച്ചതാൻ വായിക്കയായി!

കവിതന്നപൂർണ്ണമാം ഭാഷയതിവിടെ
കഴിയും വിധത്തിൽ പകർത്തിവെക്കുന്നു:

“പരിണമിക്കാമിതെന്നന്ത്യമാം ‘യാത്ര-
പറയ’ലായ്—ജീവിതത്തോഴാ പൊറുക്കു!

സമുദായമെന്നെക്കടെന്നെതിർക്കുന്നു!
സമരാങ്കണത്തിൽ ഞാൻ പോരടിക്കുന്നു!

പൊരുതും ഞാനന്ത്യമാം രക്തകണിക
പൊഴിയോളവും!—ആത്മവീര്യമെൻ ശസ്ത്രം

ശരി; എന്നാലെന്നെപ്പൊതിഞ്ഞു കഴിഞ്ഞു
മരണത്തിൻ കാർകരിംകാകോള ധൂമം!

...........................................................................

പരമാത്ഥ സ്നേഹത്തിൻ ദീപശിഖയെൻ
മരണത്തിലീലോകം ദശിയ്ക്കുകില്ലേ........?

അതുപോരു, മായതിൻ പൊൻകിരണങ്ങൾ
അന്ത്യകാലമാക്കാനുപകരിച്ചെങ്കിൽ!

ഹൃദയവ്യഥകൾ മഥിയ്ക്കുമിജ്ജീവൻ
കുതറുകയാണിന്നു മോചനം തേടി.

കഴുകരായ്ക്ക്ലേശ രോഗങ്ങളെന്തോ
ചുഴലവും കൊത്തിവലിയ്ക്കുന്നു ദേഹം.

ഇതുവിധം പ്രാണൻ പിരിഞ്ഞെതൻെറ കൺക-
ളടയുന്നതിൻമുമ്പണയുമോ ദേവ........?

കഠിനാപരാധിനിയായെണ്ണി ലോകം
വിധിയെഴുതീടാൻ മടിയ്ക്കില്ല നമ്മെ.

വിധിയെഴുതട്ടെ; ഞാനനുകമ്പനോക്കി
വിലപിയ്ക്കുകില്ലയീ ലോകത്തിൽ മുന്നിൻ!

—അനുചിതമാകും വിവാഹബന്ധത്തിൽ
പിണയാഞ്ഞതെന്നപരാധമാണെങ്കിൽ,

പരിപാവനാദർശശാലിയിലെന്റെ
പ്രണയമർപ്പിച്ചതെന്നപരാധമെങ്കിൽ,

കരളററ സമൂളായ ഭർത്സനത്തിന്നെൻ
കരളു വഴങ്ങാത്തതപരാധമെങ്കിൽ

അപരാധിനിതന്നെ! നൂറുവട്ടം ഞാ-
നപരാധമേററു പറയുന്നു ദേവ........

*　　*　　*　　*

അനവദ്യാനുരാഗത്തിൻ
　　　　മഹിതാനുഭൂതി

അവനിയിൽ ഏളവമേ-
　　　　തിന്നോളം നേടി!........?

*　　*　　*　　*

പരിഭവിയ്ക്കായ്കിനി,യെന്നെയോർത്തോത്തു
കരളു തകന്നു കരയായ്ക ദേവ........

ഇടറാതെ നീയിനിപ്പാടുന്ന ഗാനം
അരുളട്ടെ നാടിന്നു വിപ്ലവാഹ്വാനം!

പതിതത്വമൊന്നായുണരന്റെഴുന്നേററ
പടവെട്ടി നേടട്ടെ മർത്ത്യാവകാശം!

മഹിയിലിപ്രേമത്തിനോടുള്ള നിൻെറ
മുറയൊന്നിക്കർത്തവ്യബോധമേ ദേവ........

തവകാവ്യഗാനതരംഗമോരോന്നു-
മവഗാഢമെന്നെയാലിംഗനം ചെയ്യു,

അകതാരിലാളുന്ന മൂകത തന്നി-
ലുയരുമെന്നാശംസ കൈക്കൊള്ളു ദേവ........!''

മധുവിൻെറ ചിന്തയിൽത്തീക്കത്തിയാളി-
പ്പടരുന്നു; ദേഹം വെറുങ്ങലിയ്ക്കുന്നു!

മലരിട്ട മാകന്ദമാമരം പോലും
മരവിച്ചു ചാരെപ്പുരുങ്ങിനില്ക്കുന്നു!

അകല,ത്തകലത്തു മേവുമാഗ്രാമം
അരിക,ത്തരികത്തു തെന്നിയെത്തുന്നു.

മധുരാനുഭൂതിയ്ക്കു പശ്ചാത്തലമായ്
മരുവിയൊരരുവിയും മാമരത്തണലും

മലരിട്ട പൊന്തയിൽ തുമ്പികൾ തുള്ളും
പുളിനവു,മലയുന്ന തൈമണിക്കാറ്റും,

അകലത്തു നിന്നെത്തും കാലടിപ്പാത-
യ്ക്കുതിരിട്ട പച്ചപ്പു മേച്ചിൽനിലവും,

കുതുകത്തിൽ മേയുന്ന പൈക്കളും, തെങ്ങിൻ-
കുടപിടിയ്ക്കുന്ന തൻ കൊച്ചുകുടിലും,

അരുവിതന്നക്കരെപ്പൊങ്ങിയും താണു-
മമരുന്ന കുന്നുകൾക്കപ്പുറത്തകലെ,

സുരുചിരമായ്ത്തീർത്ത ഗേഹത്തിൽ മേവും
സുമതിതൻ ചിത്രത്തുടിപ്പും കിടപ്പും—

ചലന ചിത്രത്തിലെപ്പോലവേ സർവ്വം
ഇളകിത്തെളിഞ്ഞു മറഞ്ഞുപോകുന്നു!..,.....

പരീണാഹമാളും പരിസരമെത്ര
പരിമിതം!—മധുവിനു വീർപ്പുമുട്ടുന്നു.

എവിടെക്കിടക്കും വെളിച്ചം? വെളിച്ചം!!
—അവനുടെ കണ്ണിലിരുട്ടു കേറുന്നു.

## നാലാം ഭാഗം

മലരു കൊഴിഞ്ഞു; വസന്തം കഴിഞ്ഞു;
മരതകപ്പച്ചിലക്കാട്ട തളർന്നു!
മലകളിൽത്തീവെയിൽ കത്തിത്തിളങ്ങി,
മഴ വീണുകിട്ടാതെ ഗ്രാമം കുഴങ്ങി.
പഥികനായ് ച്ചുററിത്തിരിഞ്ഞതു നാളിൽ
മധുവതാ തൻ ജന്മനാട്ടിലെത്തുന്നു!
കഥകൾ പലതുമറിഞ്ഞവ,നവയിൽ
ഹൃദയ വിദാരകമായൊന്നു തങ്ങി.
സിരതോറും സൂചികൾ കുത്തിയിറക്കി
സുമതി മറഞ്ഞൊരാ സംഭവകഥകൾ!

നിരുപമസ്വപ്നങ്ങൾ പാടെത്തകൻ്റു;
നിരഘാനുരാഗത്തിടമ്പു മറഞ്ഞു!

നിമിഷങ്ങൾ....നീറും നിമിഷങ്ങൾ....ചുററും
നിശിതാസ്ത്രമെയ്തു നിമിഷങ്ങൾ നീങ്ങി........

XIII

"അനഘാനുരാഗത്തിൻ
മഹിതാനുഭൂതി
അവനിയിൽ ഹൃദയമേ,
തിന്നോളം നേടി?

പൊരുളേവമുൾക്കൊള്ളും കളഗാനം പാടി
പരഭൃതമിണയോടു ചേൻ്റുനിന്നാടി.

* * * *

നരകത്തിക്കരെത്തട്ടിപ്പുളയുന്നൊരരുവി-
യ്ക്കുതിരിട്ടു നീണ്ടുപോം കടവേരിൻ മേലെ,

ചിതറിയ തലമുടി കാററിലുലഞ്ഞും
ഹൃദയമഗ്ഗ്ലാനസരിത്തിലലിഞ്ഞും

തലകത്തുമകലത്തെ കുന്നിൻ മുകളി-
ലലയുന്ന കണ്ണുമായ്പ്പാന്ഥനിരുന്നു.

പഥികനായിന്നിവനെത്തിയ മണ്ണിൽ
പതിയിരിപ്പീലെത്ര പൂർവ്വസ്മൃതികൾ!!

## XIV

വെയിൽമങ്ങി, ച്ചൂട്ടമടങ്ങി, യാ ലാക്കിൽ
വിളറിയ ചന്ദ്രക്കല തങ്ങി വാനിൽ.

പരിചിലം മാമരക്കൊമ്പിലിരുന്ന
പരഭൃതമെന്നു പറന്നു മറഞ്ഞു!

മധുവെഴുന്നോരു....സുനിശ്ചിതഭാവി-
ക്കഭിമുഖം നിന്നവനാണൊരാ വീർപ്പിൽ

സമുദായനീതിയെ മാററി മറിക്കും
സമരത്തിന്നാഹ്വാനമുൾച്ചേർന്നിരുന്നു!

ഇരുൾവന്നു മൂടുമായന്തരീക്ഷത്തി-
ലിളകിസ്സമുജ്ജ്വലം മധുവിൻെറ കൺകൾ;

വരുവാനിരിയ്ക്കുമഹർമ്മുഖത്തിൻെറ
സുരുചിരജ്യോതിസ്സുൾക്കൊണ്ടിരുന്നു!

ദൃഢതരം കാലടി വെച്ചവൻ നീങ്ങി
മറയവേ ചുററിലും മന്ത്രം പൊങ്ങി:

"അവനിയിൽ ഹൃദയമേ,
നീ തന്നെ നേടി
അനഘാനുരാഗത്തിൻ
മഹിതാനുഭൂതി!"

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. MA 2 Acc. No. 12844

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 25 Ps. per day will be charged

MA2
SRE-K

12844

ത്തിയരൻ മഞ്ഞാലത്ത്
കവി